പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1196 — 10/08/2017 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥിനികളുടെ മുടി രണ്ടായി പിന്നിക്കെട്ടണം എന്ന ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കുവാൻ എന്ന രീതിയിലുള്ള ഉത്തരവ് നിലവിലുണ്ടോ എന്ന് വിശദീകരിക്കാമോ; | (എ) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കണമെന്ന് നിഷ്കർഷിക്കുന്ന യാതൊരു ഉത്തരവുകളും നിലവിലില്ല. എന്നാൽ അച്ചടക്കത്തിന്റെ ഭാഗമായി കുട്ടികൾ മുടി ഒതുക്കി വയ്ക്കേണ്ടതും അക്കാര്യം സ്ഥാപന മേധാവിയ്ക്ക് നിഷ്കർഷിക്കാവുന്നതുമാണ് എന്നുള്ള വിവരം എല്ലാ ഗവൺമെന്റ് /എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസി പ്പൽമാർക്കും ഹയർ സെക്കന്ററി ഡയറക്ടർ സർക്കുലർ നൽകിയിട്ടുണ്ട്. |
| (ബി) മുടി രണ്ടായി പിന്നിക്കെട്ടണം എന്ന് സ്കൂൾ അധികൃതർ കുട്ടികളെ നിർബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ചില അൺ എയ്ഡഡ് / എയ്ഡഡ് സ്കൂൾ അധികൃതർ വിദ്യാർത്ഥിനികളെ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കുവാൻ എന്ന നിർബന്ധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കേണ്ടത് എന്ന് നിർബന്ധി ക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ 24/03/2017 ന് എച്ച്4/60885/2016/ഡി.പി.ഐ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു മാനപ്പെട്ട ബാലാവകാശ സംരക്ഷണ കമ്മീഷൻ 10/08/2016 ന് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ സി.ആർ.എം.പി/5404/14 എൽ.എ 2/2016 ന്റെ അടിസ്ഥാനത്തി ലായിരുന്നു ഈ സർക്കുലർ പുറ പ്പെടുവിച്ചത്. സംസ്ഥാനത്തെ എല്ലാ പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ഈ സർക്കുലർ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ